**ശ്രദ്ധക്ഷണിക്കൽ**

അധികമായി ഈടാക്കിയ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് തിരികെ നൽകൽ

ശ്രീ. കെ. ബാബു (നെന്മാറ): സർ, സഭയ്ക്കകത്ത് ഈ വിഷയം ചർച്ച ചെയ്യപ്പെടില്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് അവർ വളരെ നേരത്തെ പ്രിന്റുചെയ്ത പ്ലക്കാർഡുകളുമായി ഈ സഭ നടത്തിക്കൊണ്ടുപോകാൻ സമ്മതിക്കില്ലെന്ന രൂപത്തിലേക്ക് വന്ന് ഇവിടെ ബഹളം സൃഷ്ടിക്കുന്നത്. ഈ നാട്ടിലെ ജനങ്ങളുടെ കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതിനുപകരം നിരന്തരമായി ബഹളമുണ്ടാക്കുകയാണ് ചെയ്യുന്നത്. അത് നിയന്ത്രിക്കപ്പെടേണ്ടതാണ്. സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ കാര്യത്തിൽ അതിദാരിദ്ര്യമാണ്. അതുകൂടെ ഇവിടെ പരിഹരിക്കപ്പെടുകയാണ്. ഈ സഭയ്ക്കകത്ത് 17 സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമാണ് ചർച്ച ചെയ്തത്. അതെല്ലാം പ്രതിപക്ഷത്തിനറിയാം.

എന്റെ വിഷയം, സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളുടെ തനതുവരുമാനം വർധിപ്പിക്കുന്നതിന് കേരള പഞ്ചായത്ത് മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ്, ലേ ഔട്ട് അപ്രൂവലിനുള്ള സ്ക്രൂട്ടിണി ഫീസ് എന്നിവയുടെ നിരക്ക് 10-04-2023 മുതൽ പ്രാബല്യത്തിൽ വർധിപ്പിക്കാൻ സംസ്ഥാന സർക്കാർ ഉത്തരവ് ഇറക്കിയിരുന്നു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറഞ്ഞ ഫീസാണെങ്കിലും സംസ്ഥാന സർക്കാരിന് ഒരു രൂപയുടെ വരുമാനംപോലും അത്തരത്തിൽ ഫീസ് വർധനവിലൂടെ ലഭ്യമായിരുന്നില്ല. ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണെങ്കിൽ വർധിപ്പിച്ച ഫീസ് തങ്ങൾ വാങ്ങില്ലെന്ന് തീരുമാനിച്ചിരുന്നു. ഇതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും കെട്ടിട നിർമ്മാണ ഉടമകളിൽനിന്നും നിരവധി പരാതികൾ ഉയർന്നുവന്നിരുന്നു. നിയമസഭയ്ക്കകത്തും പുറത്തും ഫീസ് വർധനവ് സംബന്ധിച്ച വിഷയം ചർച്ച ചെയ്യപ്പെട്ടു. ജനപക്ഷ സർക്കാർ എന്ന നിലയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഫീസ്

വർധനവിന്റെ 60 ശതമാനം പിൻവലിച്ചുകൊണ്ട് 01-08-2024 മുതൽ പ്രാബല്യത്തിൽ കുറവുവരുത്തുകയും ചെയ്തു. 10-04-2023 മുതൽ പ്രാബല്യത്തിലുണ്ടായിരുന്ന നിരക്കുപ്രകാരം അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ ഒടുക്കിയവർക്ക് നിശ്ചയിച്ച നിരക്കിനെക്കാൾ അധികം ഈടാക്കിയ തുക തിരികെ നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുകയും ചെയ്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരമാവധി നേരത്തെ എന്നാൽ 31-03-2025-നുമുമ്പായി അധികമായി ഈടാക്കിയ പെർമിറ്റ് ഫീസും അപേക്ഷാ ഫീസും തിരികെ നൽകേണ്ടതാണെന്ന് സംസ്ഥാന സർക്കാർ നിർദ്ദേശിക്കുകയും ചെയ്തു. സമയത്തിനകം അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്നവരുടെ ആവശ്യം പരിഗണിച്ച് സംസ്ഥാന സർക്കാർ റീഫണ്ടിനുള്ള സമയപരിധി 30-09-2025 വരെ പിന്നീട് ദീർഘിപ്പിച്ചു നൽകിയിരുന്നു. അപേക്ഷകർക്ക് തിരിച്ചുനൽകേണ്ട തുക കൈവശം വച്ചിരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമില്ലെന്നിരിക്കെ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും

സെക്രട്ടറിമാരും അധികമായി ഈടാക്കിയ പെർമിറ്റ് ഫീസ് നാളിതുവരെ തിരിച്ചുനൽകിയിട്ടുമില്ല. സർക്കാർ നിർദേശമുണ്ടായിട്ടും തുക തിരികെ നൽകാൻ തയ്യാറാകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിച്ച് തുടർനടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമെന്ന വിഷയത്തിൽ ഞാൻ ശ്രദ്ധക്ഷണിക്കുന്നു........ ( ബഹളം).........

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളോട് ഒരു കാര്യം, ജനങ്ങൾക്കിടയിൽ ഏറ്റവും പ്രശ്നമായൊരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. അതിന്റെ ഉത്തരം നിങ്ങൾക്ക് കേൾക്കണ്ടേ. നിങ്ങൾകൂടി ഉയർത്തിയ വിഷയമാണിത്. .......( ബഹളം).........പ്ലീസ്......

## അധികമായി ഈടാക്കിയ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് തിരികെ നൽകൽ

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ച ചെയ്യാൻ യോഗ്യമായ ഒരു വിഷയമല്ലെന്ന്

ഉറപ്പുള്ളതുകൊണ്ടാണ് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ, ഇന്നലെതന്നെ പ്ലക്കാർഡും ബാനറും തയ്യാറാക്കി പ്രതിപക്ഷം സഭയിൽ വന്നിരിക്കുന്നത്. ഇന്ന് എന്താ ചർച്ചയില്ലേ എന്നാണ് ചോദ്യം; 'മടിയിൽ കനം സഭയിൽ ഭയം' എന്നാണ്. ശബരിമല സ്വർണ്ണക്കൊള്ള ചർച്ച ചെയ്യാൻ ധൈര്യപ്പെടാതെ സഭയിൽനിന്നും പ്രതിപക്ഷം ഇറങ്ങിയോടിയത് മടിയിൽ സ്വർണ്ണത്തിന്റെ ഭാരമുള്ളതുകൊണ്ടായിരുന്നോ; ഇന്ന് കേരളം മുഴുവൻ ചർച്ച ചെയ്യുന്നത് ഇന്നലത്തെ കേന്ദ്ര ബജറ്റിൽ കേരളത്തോട് കാണിച്ച ക്രൂരമായ അവഗണനയെക്കുറിച്ചാണ്. ഭരണപക്ഷം ഇതുവരെ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് എല്ലാവർക്കും സമ്മതിക്കേണ്ടി വന്നിരിക്കുന്നു. എല്ലാ മാധ്യമങ്ങളും മുഖപ്രസംഗം എഴുതിയിരിക്കുകയാണ്. ആ ദിവസമാണ് പ്രതിപക്ഷം ഒരു നോൺ ഇഷ്യൂ ഉയർത്തി ബി.ജെ.പി.-യെ സഹായിക്കാനും ചർച്ച വഴിതിരിച്ചുവിടാനും ശ്രമിക്കുന്നത്. നിങ്ങൾക്ക് ബി.ജെ.പി.-യെ സഹായിക്കണം. നിങ്ങളും ബി.ജെ.പി.-യും ചേർന്ന് ഇത്രയുംകാലം പറഞ്ഞതെല്ലാം തെറ്റാണെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. കേന്ദ്ര അവഗണന

എത്ര ക്രൂരമാണെന്ന് എല്ലാവർക്കും സമ്മതിക്കേണ്ടിവന്നിരിക്കുന്നു. അതിൽനിന്ന് ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാനുള്ള നാടകമാണിത്.

കേരള പഞ്ചായത്ത് മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഈടാക്കുന്ന അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ്, ലേ ഔട്ട് അപ്രൂവലിനുള്ള സ്ക്രൂട്ടിണി ഫീസ് എന്നിവയുടെ നിരക്ക് 10-04-2023 മുതൽ പ്രാബല്യത്തിൽ വർധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തനതുഫണ്ട് വർധിപ്പിക്കുന്നതിന് സർക്കാർ പിന്തുണ ആവശ്യമാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷരുടെ നിരന്തരമായ ആവശ്യത്തെ അടിസ്ഥാനമാക്കിയാണ് സർക്കാർ പെർമിറ്റ് ഫീ നിരക്ക് പരിശോധിച്ചത്. മുൻകാല നിരക്ക് വർധനകളും മറ്റ് സംസ്ഥാനങ്ങളിലെ പെർമിറ്റ് ഫീ നിരക്കുകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിരന്തരമായ കൂടിയാലോചനകൾക്കുശേഷമാണ് പെർമിറ്റ് ഫീസ് വർധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാർ തീരുമാനിച്ചത്. പെർമിറ്റ് ഫീസ് വർധിപ്പിച്ചതിനുശേഷവും രാജ്യത്ത് ഏറ്റവും കുറഞ്ഞ നിരക്കുകളിൽ

ഒന്നായിരുന്നു കേരളത്തിന്റേത്. മുൻകാല രീതിക്കുപകരം സാധാരണക്കാരെ ബാധിക്കാതിരിക്കാൻ നിരക്ക് വർധിപ്പിക്കുമ്പോൾതന്നെ സ്ലാബ് സംവിധാനം ഏർപ്പെടുത്തുകയും കുറഞ്ഞ സ്ലാബുകളിൽ നിരക്കുവർധന നാമമാത്രമാക്കുകയും ചെയ്തിരുന്നു. എന്നാൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ തീരുമാനത്തെ കക്ഷി രാഷ്ട്രീയപരമായാണ് സമീപിച്ചത്. തനതുഫണ്ട് വർധിപ്പിക്കാൻ നിരക്ക് വർധനവുൾപ്പെടെ ആവശ്യപ്പെട്ട ഈ തദ്ദേശ സ്ഥാപന അധ്യക്ഷം അവരവരുടെ തദ്ദേശ സ്ഥാപനത്തിൽ നിരക്കുവർധന ആവശ്യമില്ലെന്ന് തീരുമാനമെടുക്കുകയും പ്രമേയം പാസ്സാക്കി സർക്കാരിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. എന്നാൽ അതിന് വിരുദ്ധമായി വർധിപ്പിച്ച പെർമിറ്റ് ഫീസ് തന്നെ ഈടാക്കുകയും ചെയ്തു. ഒരുഭാഗത്ത് ഇതുവേണ്ടെന്ന പ്രമേയം പാസ്സാക്കുക, മറുഭാഗത്ത് വർധിപ്പിച്ച ഫീസ് ഈടാക്കുക, ഇതാണ് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിച്ച മാർഗം. പെർമിറ്റ് ഫീസ് വർധിപ്പിച്ചതുൾപ്പെടെ ഫീസിനത്തിൽ ഒരുരൂപയുടെപോലും വരുമാനം സർക്കാരിനല്ലെന്ന് ഇവർക്കെല്ലാവർക്കും അറിയാവുന്നതാണ്. പ്രസ്തുത വരുമാനം പൂർണ്ണമായും സ്വന്തമാക്കിയത്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾതന്നെയാണ്. മുഴുവൻ തുകയും അവർക്കവകാശപ്പെട്ടതും അവരുടെ തീരുമാനപ്രകാരം....

മി. സ്പീക്കർ: ഇത് ശരിയായ രീതിയല്ല. ശ്രീ. ടി. വി. ഇബ്രാഹിം...... ഇതെല്ലാം ജനങ്ങൾ കാണുന്നുണ്ട്.

ശ്രീ. എം. ബി. രാജേഷ്: സർ, പെർമിറ്റ് ഫീസ് വർധനവിനെതിരെ ആക്ഷേപങ്ങൾ ലഭിച്ചതിനോട് മുഖം തിരിച്ച് നിൽക്കാതെ സർക്കാർ അത് വീണ്ടും പരിശോധനയ്ക്ക് വിധേയമാക്കി. വർധിപ്പിച്ച കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്, അപേക്ഷാ ഫീസ്, സ്കൂട്ടിണി ഫീസ് എന്നിവ 01-08-2024 മുതൽ മുൻകാല പ്രാബല്യത്തിൽ 60 ശതമാനംവരെ കുറവുവരുത്തി 30-07-2024-ന് ഉത്തരവ് പുറപ്പെടുവിച്ചു. ഒപ്പം അന്നുവരെ ഈടാക്കിയ തുകയിൽ പുതിയനിരക്കുപ്രകാരം കണക്കാക്കുമ്പോൾ അധികമായി ഈടാക്കിയ തുക 2025 മാർച്ച് 31-നുമുമ്പായി തിരികെ അപേക്ഷകർക്ക് നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകുകയും ചെയ്തു. നിശ്ചിത തീയതിക്കകം റീഫണ്ടിനുള്ള അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞിരുന്നില്ലെന്നും കാലാവധി ദീർഘിപ്പിക്കണമെന്നുമുള്ള നിരവധി

അപേക്ഷകൾ സർക്കാരിന് തുടർന്നും ലഭിച്ചതിനാൽ റീഫണ്ടിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 30-07-2025-ലെ ഉത്തരവ് പ്രകാരം 30-09-2025-വരെ ദീർഘിപ്പിച്ചുനൽകുകയും ചെയ്തു. അധികമായി ഈടാക്കിയ പെർമിറ്റ് ഫീ തിരിച്ചുനൽകണമെന്ന ഉത്തരവ് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സെക്രട്ടറിമാരും നടപ്പാക്കാത്തതായി സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ട്. അപേക്ഷകർക്ക് തിരിച്ചുനൽകേണ്ട തുക കൈവശം വച്ചിരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമില്ല. സർക്കാർ കുറച്ചുകൊടുത്ത തുക അധികമായി ഈടാക്കിയത് തിരിച്ചു നൽകണമെന്ന് സർക്കാൻ പുറപ്പെടുവിച്ച ഉത്തരവ് ലംഘിച്ചുകൊണ്ട് ഈ പണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോഴും കൈവശം വച്ചിരിക്കുന്നത് നിയമവിരുദ്ധമാണ്. അത് വളരെ ഗൗരവത്തോടുകൂടിത്തന്നെ സർക്കാർ കാണുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പലരും തങ്ങൾക്ക് വരുമാനം കിട്ടുന്ന പെർമിറ്റ് ഫീസ് വർധിപ്പിച്ചതിന് ചില്ലിക്കാശ് വരുമാനം ലഭിക്കാത്ത സർക്കാരിനെ കുറ്റവാളിയാക്കാൻ മത്സരിച്ചവരാണ്. അവരാണ് ഇപ്പോൾ പെർമിറ്റ് ഫീസ് തിരിച്ചുകൊടുക്കാതെ കൈവശം

വച്ചിരിക്കുന്നത്. അത്തരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ജനങ്ങൾക്ക് അവകാശപ്പെട്ട തുക എത്രയും പെട്ടെന്ന് തിരിച്ചുനൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്. അതുകൊണ്ടുതന്നെ അപേക്ഷാ കാലയളവ് 15-02-2026 വരെ ദീർഘിപ്പിച്ചും ലഭ്യമായ എല്ലാ അപേക്ഷകളിലും അർഹമായ റീഫണ്ട് 28-02-2026-നകം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇതുവരെയും റീഫണ്ട് നൽകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ, 28-02-2026-നകം റീഫണ്ട് നൽകാത്ത തദ്ദേശസ്വയംഭരണ സെക്രട്ടറിമാരുടെ വിവരങ്ങൾ എന്നിവ സർക്കാരിലേയ്ക്ക് ലഭ്യമാക്കാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ കാര്യത്തിൽ അതിദാരിദ്ര്യ സംസ്ഥാനമായി ഈ കേരളത്തെ പ്രഖ്യാപിക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ചില പഞ്ചായത്തുകൾ അമിതമായി ഈടാക്കിയ ഫണ്ടുപയോഗിച്ച് പുതിയ പദ്ധതികൾ തയ്യാറാക്കി ഡി.പി.സി.-യിൽനിന്ന് അംഗീകാരം നേടി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. തനതുവരുമാനം തീരെ കുറഞ്ഞ അത്തരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, തനതുവരുമാനം കുറഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുവരുമാനം വർധിപ്പിക്കാനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് സ്വീകരിക്കേണ്ടത്. സർക്കാർ അതിനാവശ്യമായിട്ടുള്ള പിന്തുണ നൽകും. ഇത്തരം കാര്യങ്ങളെയൊക്കെ കക്ഷി രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിലല്ലാതെ സമീപിക്കാൻ തയ്യാറാകുകയാണ് വേണ്ടത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എല്ലാവരും ഭരിക്കുന്നുണ്ടെന്ന ഓർമ്മ ഇതിനെയൊക്ക കക്ഷി രാഷ്ട്രീയവൽക്കരിക്കുന്നവർക്കില്ലെന്നതാണ് നിർഭാഗ്യകരമായിട്ടുള്ള കാര്യം. നേരത്തെ പ്രമേയം പാസ്സാക്കിയ പലർക്കും പെർമിറ്റ് ഫീസ് തിരിച്ചുനൽകാൻ മടിയാണ്. ഇപ്പോൾ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ തനതുഫണ്ട് വർധിപ്പിക്കണമെന്ന ആവശ്യവും ഓണറേറിയം കൂട്ടണമെന്ന ആവശ്യവും ഉന്നയിക്കുന്നുണ്ട്. സർക്കാർ അത് അംഗീകരിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അത് സഭയിൽ അവതരിപ്പിക്കുകയും ചെയ്തു. ഓണറേറിയം നൽകുന്നത് തനതുഫണ്ടിൽനിന്നാണ്. തനതുഫണ്ട് വർധിപ്പിച്ചാൽമാത്രമേ വികസന പ്രവർത്തനങ്ങൾ മുതൽ ഓണറേറിയം നൽകുന്നതിനുവരെ പണം കണ്ടെത്താൻ ആവുകയുള്ളൂ. ഇത്തരം യാഥാർഥ്യങ്ങളൊക്കെ മനസ്സിലാക്കാൻ പ്രതിപക്ഷവും തയ്യാറാകേണ്ടതുണ്ട്. അന്ധമായ രാഷ്ട്രീയ കണ്ണോട്ടുകൂടി ഇത്തരം കാര്യങ്ങളെയൊക്കെ കാണുന്നതാണ് പ്രശ്നം. ഏതായാലും തനതുവരുമാനം വർധിപ്പിക്കണമെന്നതുതന്നെയാണ് സർക്കാരിന്റെ കാഴ്ചപ്പാട്.

(ശ്രീ. ടി. സിദ്ദിഖ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)